Y Bc-16743/19



# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## *ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ്,കൽപ്പറ്റ-വയനാട് ജില്ല*

| | |
|---|---|
| പരിശോധനാതീയതി | : 25.04.2019 മുതൽ27.04.2019 വരെയും |
| | :13.05.2019 മുതൽ 17.05.2019 വരെയും |
| പരിശോധനാകാലയളവ് | :01.11,2014 മുതൽ 31.03.2019 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.സി&ഇ ആഡിറ്റ് സെക്ഷൻ(സംയുക്തം) |
| പരിശോധനാടീം | :1.കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | : 2.കൃഷ്ണകുമാർ വി.എസ്(ജൂനിയർ സുപ്രണ്ട്) |
| | :3.ബി.കെ.ഗോപകുമാർ(സീനിയർ ക്ളാർക്ക്) |
| | :4.ധനേഷ്.ടി.എസ് (സീനിയർ ക്ളാർക്ക്) |

### പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

#### പട്ടികജാതിവികസന ഓഫീസർമാർ

| | |
|---|---|
| 1.ശ്രീ.ബാഹുലേയൻ.ജി | : 25-08-2014 മുതൽ 08.12.2014 വരെ |
| 2. ശ്രീ.ബാബുരാജൻ.എം.എൻ | : 09-12-2014 മുതൽ 18-10-2016 വരെ |
| 3.ശ്രീ.ഡായിമോൻ | : 19-01.2016 മുതൽ 08.08.2016 വരെ |
| 4. ശ്രീ.ബാബുരാജൻ.എം.എൻ | : 18-08-2016 മുതൽ 14-10-2016 വരെ |
| 5. ശ്രീ.സിബി.എ.ജി | : 15-10-2016 മുതൽ 19-07-2017 വരെ |
| 6. ശ്രീ.ഗോപകുമാർ.വി.ജി | : 20-07-2017 മുതൽ 20-09-2017 വരെ |
| 7. ശ്രീ.ബാബുരാജൻ.എം.എൻ | : 21-09-2017 മുതൽ തുടരുന്നു |

ആമുഖം.

വയനാട് ജില്ലയിൽ ഏറ്റവുമധികം പട്ടികജാതിവിഭാഗക്കാർ അധിവസിക്കുന്ന ബ്ലോക്കാണ് കൽപ്പറ്റ ബ്ലോക്ക്.2011 ലെ സെൻസസ് പ്രകാരം ഈ ബ്ലോക്കിലെ 9 ഗ്രാമ പഞ്ചായത്തുകളിലെ ഏകദേശം 2597 കുടുംബങ്ങളിലായി 10461 പട്ടികജാതിക്കാർ അധിവസിച്ചിരുന്നതായി മനസിലാക്കുന്നു.ഇതിൽ 5302 സ്ത്രീകളും,5159 പുരുഷൻമാരുമാണ്.കൂടാതെ കൽപ്പറ്റ നഗരസഭയിലെ സങ്കേതങ്ങളിലെ 66 കുടുംബങ്ങളിലായി 282 പേരും അധിവസിക്കുന്നുണ്ട്.ഇതിൽ 143 സ്ത്രീകളും,139 പുരുഷൻമാരുമാണ്

ആദി ദ്രാവിഡ,ആദി കർണ്ണാടക,അരുന്ധതിയാർ,ബകുട,ചക്കിലിയൻ,ചെറുമൻ,കള്ളാടി,കണക്കൻ,പടന്ന,വേലൻ,മോഗർ,പാണൻ,പറയർ,പുലയ,ചേരമർ തുടങ്ങി പട്ടികജാതിവിഭാഗത്തിലെ ഒട്ടുമിക്ക വർഗ്ഗക്കാരും ഇവിടെ അധിവസിക്കുന്നതായി കാണുന്നു.

പട്ടികജാതി സങ്കേതങ്ങളിൽ സാധാരണ കണ്ടുവരാറുള്ള എല്ലാവിധ അടിസ്ഥാന പ്രശ്നങ്ങളും ഇവിടേയും നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് മാറ്റംകണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസം നേടുന്നവരുടേയും പ്രഫഷണൽ കോഴ്സിന് പ്രവേശനം നേടുന്നവരുടേയും എണ്ണം ഇതരവിഭാഗങ്ങളുമായി താരതമ്യംചെയ്യുമ്പേൾ നാമമാത്രമാണെന്ന് കാണാം. കമ്പ്യൂട്ടർസാക്ഷരതയുടെ കുറവ്,തൊഴിലധിഷ്ഠിതവിദ്യാഭ്യാസം നേടുന്നതിൽകാണിക്കുന്ന താൽപര്യക്കുറവ്,പരമ്പരാഗതതൊഴിലുകൾ സംരക്ഷിക്കപ്പെടാതെ അന്യംനിന്നുപോകുന്ന അവസ്ഥ എന്നിവ പിന്നോക്കാവസ്ഥക്ക് പ്രധാനകാരണങ്ങളാണ്.ഉപജീവിതത്തിന് കൂലിവേലയെ മുഖ്യമായിആശ്രയിക്കുന്നവരാണ് ഭൂരിഭാഗമാളുകളും.ഈഅവസ്ഥക്ക് മാറ്റമുണ്ടാകണമെങ്കിൽ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം വരുമാന വർദ്ധനവിലൂടെ ഉയർത്തുന്നതിനുതകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും,വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കംനൽകുന്ന പദ്ധതികൾ ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി.ഫണ്ട് കൂടുതൽ വിനിയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപദേശവുംപ്രേരണയും നൽകാൻനിർദ്ദേശി ക്കുന്നു.

ഫീൽഡ്തല പരിശോധന

ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ ഫീൽഡ്തല പരിശോധന-കോളനികൾ സന്ദർശിച്ചതു സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

നെടുനിലം പട്ടികജാതി കോളനി.

15 ഓളം എസ്.സി കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്.റോഡ്,വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾഇവിടയുണ്ടെങ്കിലും കുടിവെള്ളദൗർലഭ്യം നേരിടുന്നതായി ജനങ്ങൾ പരാതികൾ ഉന്നയിച്ചിരുന്നു.മഹാപ്രളയത്തിൽ കോളനി പൂർണ്ണമായും മുങ്ങിപ്പോയതിനുശേഷമാണ് കുടിവെള്ളക്ഷാമം ഇത്ര രൂക്ഷമായതെന്ന് കോളനി നിവാസികൾ അറിയിച്ചു.നഗരസഭയുടെ എസ്.സി.പി വിഹിതത്തിൽനിന്നും കുടിവെള്ളവിതരണ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്.ഇതിന്റെ ഭാഗമായി കിണർ,ഓവർഹെഡ് ടാങ്ക്,വീടുകളിലേക്കുള്ള ഹൗസ് കണക്ഷൻ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.വൈദ്യുതി ലഭിച്ചാൽ പമ്പിംഗ് ആരംഭിക്കാനാകുമെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്.

**മണിയങ്കോട് കോളനി.**

15 ഓളം എസ്.സി കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്.റോഡ്,വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾഇവിടെയും ഉണ്ട്.കുടിവെള്ളക്ഷാമം ഇവിടുത്തേയും മുഖ്യ വിഷയമാണ്.വാട്ടർ അതോറിറ്റിയുടെ പൈപ്പ് കോളനിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കൃത്യമായും വെള്ളം വരാറില്ല. പ്രളയത്തിൽ ഈ കോളനി പൂർണ്ണമായും മുങ്ങിപ്പോയതാണ്.നഗരസഭയുടെ എസ്.സി.പി വിഹിതത്തിൽനിന്നും തുക കണ്ടെത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ നഗരസഭക്ക് നിർദ്ദേശം നൽകേണ്ടതാണ്.

**പാർട്ട് I**

**മുൻ ഓഡിറ്റുകൾ സംബന്ധിച്ച്**

**(എ) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.**

01-10-2015 മുതൽ 30-09-2016 വരെയുള്ള കാലയളവ് ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്.16-11-2016 ൽ ഇതിൻമേലുള്ള റിപ്പോർട്ട് ലഭിച്ചെങ്കിലും പ്രാഥമിക മറുപടി 05.06.2018 ൽ മാത്രമാണ് നൽകിയതെന്ന് കാണുന്നു.എന്നാൽ ടി മറുപടി അംഗീകരിച്ച് ലഭിച്ചതായി കാണുന്നില്ല.

മുൻ ഓഡിറ്റുകളുടെ ധാരാളം ഖണ്ഡികകൾ തീർപ്പാക്കാനുള്ളതായി കാണുന്നു.

1. OA(HQ)II/IV/12-129/13-14/--part.II B para IV&V

2OA(HQ)II/IV/12-311/14-15/--part.II B para I,II& III.

3.OA(HQ)II/IV/12-133/15-16/--part.II B para III&IV

ഓഡിറ്റ് ഫയലുകൾ പരിപാലിക്കുന്നതിൽ ശ്രദ്ധക്കുറവുള്ളതായി നിരീക്ഷിക്കുന്നു.അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാകുറിപ്പും അതിനുള്ള മറുപടിയും,ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, മറുപടി തുടങ്ങിയവ കൂടിക്കുഴഞ്ഞ അവസ്ഥയിലാണ് ഫയൽ ഫോൾഡറുകളിൽ സൂക്ഷിച്ചിട്ടുള്ളത്.വിവിധ ഓഡിറ്റുകളുടെ റിപ്പോർട്ടുകൾ,മറുപടികൾ തുടങ്ങിയവ പ്രത്യേകം പ്രത്യേകം ഫയലുകളായും ഫയൽ ഫോൾഡറുകളിലായും സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. ഏ.ജി പരിശോധനസംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി)-വകുപ്പുതല പരിശോധന.

01-04-2013 മുതൽ 31-03-2014 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം(ഫിൻ.സി)12.11.2014 മുതൽ 14.11.2014 വരെ ഓഫീസ് സന്ദർശിച്ച് പരിശോധനാവിധേയമാക്കിയിട്ടുണ്ട്.ഈ പരിശോധന സംബന്ധിച്ചറിപ്പോർട്ട് 30-05-2015 ന് ബി2.2490/15 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയതായി കാണുന്നു.എന്നാൽ ഇതുസംബന്ധിച്ച പ്രാഥമിക മറുപടി പോലും നൽകിയതായി ഫയലിൽ രേഖയില്ല. വകുപ്പുതല പരിശോധനസംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

01.04.2011 മുതൽ 31.03.2013 വരെയുള്ള ഓഡിറ്റിൽ അവശേഷിക്കുന്ന ഖണ്ഡികകൾക്ക് 09.06.2017 ലെ ഫിൻ.ബി.2 996/14 കത്തിലെ നിർദ്ദേശാനുസരണം മറുപടിനൽകി വിവരം അറിയിക്കേണ്ടതാണ്.

പാർട്ട് II

ക്യാഷ് ബുക്കുംഅനുബന്ധ രേഖകളും.

1.ബിൽബുക്ക് & ക്യാഷ്ബുക്ക്.

(എ).ക്യാഷ്ബുക്കിലെ ഓരോ വരവ്/ചെലവുകളും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

(ബി).ഒന്നിലധികം ബിൽ പ്രകാരമുള്ള തുകകൾ ഒരുമിച്ച് ക്യാഷ്ബുക്കിൽ വരവ് ചേർക്കുന്നതായി കാണുന്നു.ഉദാഹരണത്തിന് 2014-15 സാമ്പത്തികവർഷത്തെ CB-76 മുതൽ 79 വരെയുള്ള 4 ബില്ലുകൾ പ്രകാരം മാറിയ ആകെ തുകയായ 1,80,00,000/-(4,50,000 X 4) ഒരുമിച്ച് ക്യാഷ്ബുക്കിൽ വരവ് ചേർത്തിരിക്കുന്നു.ആയത് ശരിയായ നടപടി അല്ല ഓരോ ബിൽ പ്രകാരം മാറിയ തുകകൾ പ്രത്യേകം ഇനം തിരിച്ച് വരവ്/ചെലവ് രേഖപ്പെടുത്തേണ്ടതാണ്.

(സി). CB-105/14-15 പ്രകാരം 40,000/-രൂപയുടെ ബിൽ 30/3/2014 ന് ട്രഷറിയിൽഹാജരാക്കിയതായി കാണുന്നു.എന്നാൽ ടി ബിൽപാസായതായോ ഒബ്ജക്ഷനായതായോ രേഖപ്പെടുത്തിയിട്ടില്ല.വിശദീകരിക്കേണ്ടതാണ്.

(ഡി). ക്യാഷ്ബുക്കിൽ മാസാന്ത്യസംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല ഉദാഹരണത്തിന് 3/2016 മാസത്തെ നീക്കിയിരിപ്പു തുകയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2.അക്വിറ്റൻസ്(സ്റ്റാഫ്)

(എ).രജിസ്റ്റർ പ്രകാരം 2/2/15 തീയതിയിൽ EB-54/14-15 ബിൽ പ്രകാരം മാറിയ 57,604/-രൂപ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ 55,144/-രൂപാ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.അതായത് 2,460/-രൂപയുടെ കുറവ്. ടി തുക എപ്രകാരം ക്രമീകരിച്ചെന്ന് വിശദീകരിക്കേണ്ടതാണ്.

6/



(ബി).ബിൽബുക്ക് പ്രകാരം EB-26/15-16(Adhoc Bonus P.T.S) പ്രകാരം 21/8/2015 ൽ 3,500/-രൂപ മാറിയതായി കാണുന്നു.എന്നാൽ ടി തുക അക്വിറ്റൻസിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നില്ല.വിശദീകരണം ആവശ്യമാണ്.

(സി).18/4/2018 ശേഷം അക്വിറ്റൻസ് പരിപാലിച്ചിട്ടുള്ളതായി കാണുന്നില്ല. GO(P)No. 138/2016/Fin Dtd.23-09-2016 വിധേയമായി അക്വിറ്റൻസ് പരിപാലിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.ഇതിനായി മുമ്പ് തുടർന്നിരുന്ന രീതി അനുവർത്തിക്കുകയോ,Bims സ്റ്റേറ്റ്മെന്റ് കോപ്പി എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

**3.അക്വിറ്റൻസ് രജിസ്റ്റർ (പ്രൊമോട്ടേഴ്സ്)**

(എ).ഒരു ബിൽ പ്രകാരം മാറിയ തുക വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്യുമ്പോൾ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തണം എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല ഉദാഹരണത്തിന് CB.70/15-16 തീയതി 18/12/15 പ്രകാരം മാറിയ 2,05,565/-രൂപയുടെ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തിയതായി കാണുന്നില്ല.ടി തുകയുടെ വിതരണം പരിശോധിച്ച് സംക്ഷിപ്തം രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി). 9/11/12 മുതൽ ആരംഭിച്ചു വന്നിരുന്ന പ്രൊമോട്ടർഴ്സിന്റെ അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് നമ്പർ 61 മുതൽ 66 വരെ വിതരണം ചെയ്തതും പേജ് നമ്പർ 93 മുതൽ 98 വരെ വിതരണം ചെയ്തതുമായ ബില്ലുകളുടെ ബിൽ നമ്പറോ,ഗ്രോസ് തുക,നെറ്റ് തുക,തുക മാറിയ തീയതി,വിതരണസംക്ഷിപ്തം എന്നിവയോ രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**4.ചലാൻ ഫയൽ**

താഴെ പറയുന്ന ചെലാനുകൾ പ്രകാരം ട്രഷറിയിൽ തിരിച്ചടച്ച തുകയുടെ ചെലവ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല

| ചെലാൻ നമ്പർ | തീയതി | തുക |
|---|---|---|
| 22 | 26/10/15 | 400/- |
| 559 | 31/10/15 | 26,000/- |
| 560 | 31/10/15 | 1,00,000/- |

മേൽ തുകകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് ട്രഷറിയിൽ തിരിച്ചടച്ചിട്ടുള്ളതാണെന്നിരിക്കെ ക്യാഷ്ബുക്കിൽ ചെലവ് ചേർക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.കൂടാതെ ഏത് രസീത് / വൗച്ചർ പ്രകാരമാണ് ടി തുക കൈപ്പറ്റിയത് എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**5.സി.ആർ.ഡി.ആർ**

രജിസ്റ്റർ പരിപാലിച്ചു വരുന്നു എന്നാൽ ടി രജിസ്റ്റർ പ്രകാരമുള്ള വരവ്/ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ

പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**6.റ്റി.ആർ.5 രസീത്/ സ്റ്റോക്ക് രജിസ്റ്റർ.**

ടി ഓഫീസിൽ പഴയരീതിയിലുള്ള TR.5 രശീതി യാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്.01-07-2013 മുതൽ GO(p)77/2010/Fin dtd 18-02-2010 പ്രകാരം നടപ്പിലാക്കിയിട്ടുള്ള Centralised Numbering System ഉള്ള TR.5 രശീതി ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ.ആവശ്യമുള്ളപക്ഷം Centralised Numbering System ഉള്ള TR.5 രസീത് ലഭ്യമാക്കി രജിസ്റ്റർ പരിപാലിച്ച് ഉപയോഗിക്കാവുന്നതാണ്.[ GO(p)213/2013/Fin dtd 09-05-2013]പരിശോധന കാലയളവിൽ റ്റി.ആർ.5 മുഖേന സാമ്പത്തിക ഇടപാട് നടത്തിയിട്ടുള്ളതായി കാണുന്നില്ല.

**7.അക്വിറ്റൻസ് രജിസ്റ്റർ(വിവാഹധനസഹായ പദ്ധതി)**

രജിസ്റ്റർ പരിപാലിക്കുന്നുവെങ്കിലും തുക വിതരണം സംബന്ധിച്ച പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല.അതായത് വിതരണ സംക്ഷിപ്തം രേഖപ്പെടുത്തുകയോ,ഒപ്പിടുമ്പോൾ ഗുണഭോക്താവോ പട്ടികജാതി വികസന ഓഫീസറോ തീയതി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.തുക വിതരണം പരിശോധിച്ച് ക്യാഷ്ബുക്കുമായി ഒത്ത് നോക്കി സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**8.അക്വിറ്റൻസ് രജിസ്റ്റർ(പാരലൽ കോളേജ്).**

(എ). CB-35/14-15 തീയതി 16/1/15 പ്രകാരം ടി പദ്ധതിയിനത്തിൽ മാറിയ 23,202/-രൂപ 17/1/15 ന് ചെലവഴിച്ചതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ 29,946/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. അതായത് 6744/-രൂപ അധികമായി ചെലവഴിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.ടി തുക എത് ബിൽപ്രകാരമുള്ളതാണെന്നോ,ഏത് പദ്ധതിപ്രകാരമുള്ളതാണെന്നോ ക്യാഷ്ബുക്കിൽ വ്യക്തമാക്കിയിട്ടില്ല.വിശദീകരിക്കേണ്ടതാണ്.

(ബി). CB-94/14-15 തീയതി 26/3/15 പ്രകാരം മാറിയ 1,73,755/-രൂപയുടെ വിതരണ സംക്ഷിപ്തത്തിൽ 23/4/15 ന് 98,491/-രൂപ വിതരണം ചെയ്തതായി കാണുന്നു എന്നാൽ ക്യാഷ്ബുക്കിൽ 98,481/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു അതായത് 10/-രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു.ക്യാഷ്ബുക്കിലെ ടി തുകയുടെ വ്യത്യാസം എപ്രകാരം ക്രമീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

(സി) CB-85/15-16 തീയതി 17/3/16 പ്രകാരം മാറിയ 1,48,592/-രൂപയിൽ ശ്രീമതി ആതിര വി.ഡിയ്ക്ക് അനുവദിച്ച 7,080/-രൂപ ചലാൻ നമ്പർ 170 തീയതി 4/3/16 പ്രകാരം തിരിച്ചടച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ടി ചലാൻ പ്രകാരം 3,650/-രൂപ മാത്രം തിരിച്ചടച്ചിട്ടുള്ളതായി കാണുന്നു അതായത് 3,430/-രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

**9.അക്വിറ്റൻസ് രജിസ്റ്റർ(ചികിൽസാധനസഹായ പദ്ധതി).**

(എ). തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

(ബി). രജിസ്റ്ററിൽ തുക വിതരണം സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല ബിൽനമ്പർ,തുക മാറിയതീയതി,തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ട തും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(സി). 2015-16 സാമ്പത്തിക വർഷത്തെ രജിസ്റ്ററിൽ ശ്രീമതി കമലാക്ഷി,പരുത്തിക്കുന്ന് പി.ഒ, ചെമ്പകമൂല എന്ന ഗുണഭോക്താവ് 29/9/15 തീയതിയിൽ 15,000/-രൂപ കൈപ്പറ്റിയതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ ആയതിന്റെ ചെലവ് വ്യക്തമല്ല പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

**10.അക്വിറ്റൻസ് രജിസ്റ്റർ(സ്വയം തൊഴിൽ ധനസഹായ പദ്ധതി)**

(എ). രജിസ്റ്റർ പ്രകാരം ശ്രീ.വിജയൻ,പി.കെ,വാഴത്തോട്,വേങ്ങപ്പള്ളി എന്ന ഗുണഭോക്താവിന് 50,000/-രൂപ അനുവദിച്ചതായി കാണുന്നു.ടി തുക ഏത് ബിൽ പ്രകാരം മാറിയതാണെന്ന് വ്യക്തമല്ല ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

(ബി). 2015-16 സാമ്പത്തിക വർഷത്തെ തുക വിതരണം പരിശോധിച്ചതിൽ ബിൽ നമ്പർ,തുകമാറിയ തീയതി,തുക വിതരണം ചെയ്ത തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.കൂടാതെ തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**11.അക്വിറ്റൻസ് രജിസ്റ്റർ(അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് സ്കീം)**

(എ) CB-24/14-15 തീയതി 28/10/14 പ്രകാരം മാറിയ 16,500/-രൂപയിൽ 13/11/14 ൽ 15,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ആയതിൽ അവശേഷിക്കുന്ന 1,500/-രൂപ വിതരണം ചെയ്തതായി കാണുന്നില്ല .ടി തുക തിരിച്ചടച്ചതിനെ സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. . വിശദീകരണം നൽകേണ്ടതാണ്

(ബി). രജിസ്റ്റർ പേജ് നമ്പർ 43 ൽ 52,125/- രൂപയുടെ വിതരണം രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ ബിൽ നമ്പർ, തുകമാറിയ തീയതി,വിതരണ സംക്ഷിപ്തം തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തിയിട്ടില്ല.ടി തുക വിതരണത്തിൽ ശ്രീ.അതുൽ.സി.എസ്, ചെറിയപറമ്പിൽ,പാറക്കുന്ന്,പൊഴുതന എന്ന വിദ്യാർത്ഥിയ്ക്ക് അനുവദിച്ച 3,000/-രൂപ ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല.തുകയുടെ വിനിയോഗം സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

(സി).ക്യാഷ്ബുക്ക് പ്രകാരം ടി പദ്ധതിയിനത്തിൽ 31/3/15 ന് 9,000/-രൂപ ചെലവഴിച്ചതായി കാണുന്നു എന്നാൽ രജിസ്റ്ററിൽ ടി തുകയുടെ വിതരണം വ്യക്തമല്ല. ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

**12.അകിറ്റൻസ് രജിസ്റ്റർ(ടോയ്ലറ്റ് ധനസഹായം)**

രജിസ്റ്ററിൽ ബിൽ നമ്പർ, തുകമാറിയ തീയതി,വിതരണ സംക്ഷിപ്തം തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**13.അകിറ്റൻസ് രജിസ്റ്റർ(പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്)**

(എ).CB-21/14-15 തീയതി 3/11/14 പ്രകാരം മാറിയ 12,00,000/- രൂപയുടെ വിതരണ സംക്ഷിപ്ത പ്രകാരം 4,000/-രൂപ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.ടി തുകയെ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

(ബി).ചുവടെ പറയുന്ന ബില്ലുകളിലെ തുകകളും ട്രഷറി ഓഫീസർ പാസ്സാക്കിയിരിക്കുന്ന തുക കളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

| ക്രമ നം | ബിൽ.നം | ബിൽ തുക | ട്രഷറി ഓഫീസർ പാസ്സാക്കിയ തുക |
|---|---|---|---|
| 1 | CB No-21/17-18 | 4,90,000/- | 49,000/- |
| 2. | CB No-33/17-18 | 5,46,000/- | 54,600/- |
| 3 | CB No-135/17-18 | 7,50,000/- | 75,000/- |
| 4 | CB No-120/17-18 | 62,384/- | 62,934/- |
| 5 | CB No-110/18-19 | 3,75,000/- | 7,50,000/- |

ട്രഷറി മുഖേന ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

(സി).ചുവടെ പറയുന്ന പാസായ ബില്ലുകളുടെ ഗ്രോസ് തുകയാണ് ക്യാഷ്ബുക്കിൽ വരവിനത്തിലും ചെലവിനത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. നെറ്റ് തുക രേഖപ്പെടുത്താതെ ബില്ലുകളുടെ ഗ്രോസ് തുക ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല. ക്യാഷ്ബുക്കിൽ വരവ് ചെലവ് തുകയായി കാണിക്കുന്നത് തേർച്ചചെയ്യുന്ന നെറ്റ് തുകയാണ്. ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

| ബിൽ നമ്പർ | ഗ്രോസ് തുക | നെറ്റ് തുക | പാസാക്കിയ തീയതി |
|---|---|---|---|
| EPB-26/17-18 | 14,322/- | 11,710/- | 19/9/2017 |
| EPB-40/17-18 | 11,618/- | 9,006/- | 1/11/2017 |
| EPB-13/18-19 | 1,03,949/- | 81,486/- | 2/6/2018 |

(ഡി).ചുവടെ പറയുന്ന ബില്ലുകൾ ട്രഷറി ഓഫീസർ പാസ്സാക്കിയ തീയതിക്ക് മുമ്പ് ക്യാഷ്ബുക്കിൽ വരവ് ചേർത്തതായി കാണുന്നു.

| ബിൽ നമ്പർ | പാസാക്കിയ തുക | പാസാക്കിയ തീയതി | ക്യാഷ് ബുക്കിൽ ചേർത്ത തീയതി |
|---|---|---|---|
| CB No-114/17-18 | 15,75,000/- | 30.01.2018 | 25.01.2018 |
| CB No-115/17-18 | 11,25,000/- | 30.01.2018 | 25.01.2018 |
| CB No-116/17-18 | 4,50,000/- | 30.01.2018 | 25.01.2018 |
| EPB-60/17-18 | 59,431/- | 06.02.2018 | 03.02.2018 |
| | | | |

വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഇ).ചുവടെ പറയുന്ന പാസായ ബില്ലുകളുടെ ഇടപാട് വിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

| ബിൽ നമ്പർ | ബിൽ തുക | ട്രഷറിആഫീസർ പാസാക്കിയ തീയതി |
|---|---|---|
| EPB-64/17-18 | 1,355/- | 23/2/2018 |
| CB No-69/18-19 | 5,00,000/- | 31/7/2018 |
| CB No-163/18-19 | 3,75,000/- | 31/10/2018 |
| CB No-268/18-19 | 4,645/- | 5/2/2019 |

(എഫ്).CB No-110/18-19 ബിൽ പ്രകാരം ഭൂമിവാങ്ങാൻ ധനസഹായത്തിന് അനുവദിച്ച 7,50,000/- രൂപയുടെ ബില്ലിന് പകരം ക്യാഷ്ബുക്കിൽ 25/9/2018 തീയതിയിൽ 3,75,000/-രൂപയാണ് വരവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശേഷിച്ച 3,75,000/-രൂപയെ സംബന്ധിച്ച് ക്യാഷ്ബുക്കിൽ പ്രതിപാദിക്കുന്നില്ല.ആയതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ജി).2018-19 വർഷത്തെ ബിൽബുക്കിൽ സമർപ്പിച്ച CB No-268/18-19 ബിൽ പ്രകാരം ബിൽതുക 4645/-രൂപയാണ്.ആയത് തന്നെയാണ് ബിൽബുക്കിൽ ട്രഷറിഓഫീസർ പാസാക്കിയിട്ടുള്ളതും എന്നാൽ, ക്യാഷ്ബുക്കിൽ ടി ബില്ല് പ്രകാരം 2,240/-രൂപയാണ് വരവിനത്തിലും ചെലവിനത്തിലും രേഖപ്പെടുത്തിയിരിക്കുന്നത് ബാലൻസ് തുകയായ 2,405/-രൂപ ക്യാഷ്ബുക്കിൽ രേഖപ്പെടുത്താത്തതിന്റെ കാരണവും ടി തുക എപ്രകാരം ക്രമീകരിച്ചു എന്ന കാര്യവും വിശദീകരിക്കേണ്ടതാണ്.

(എച്ച്).2018-19 വർഷത്തെ ബിൽബുക്കിൽ സമർപ്പിച്ച CB No-300/18-19 ബിൽ പ്രകാരം ബിൽതുക 2,40,000/-രൂപയാണ്.ആയത് തന്നെയാണ് ബിൽബുക്കിൽ ട്രഷറിഓഫീസർ പാസാക്കിയിട്ടുള്ളതും എന്നാൽ ക്യാഷ്ബുക്കിൽ ടി ബില്ല് പ്രകാരം 3,40,000/-രൂപയാണ് വരവിനത്തിലും ചെലവിനത്തിലും രേഖപ്പെടുത്തിയിരിക്കുന്നത് ആയതിന്റെ വിശദീകരണം നൽകേണ്ടതാണ്

(ഐ). ചുവടെ പറയുന്ന രജിസ്റ്ററുകൾക്ക് പേജ് നമ്പർ ഇടുകയോ പട്ടികജാതി വികസന ഓഫീസർ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

1, സ്വയംതൊഴിൽ പദ്ധതി അകിറ്റൻസ് രജിസ്റ്റർ (2011-12 മുതൽ 2018-19 വരെ),

2, പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി രജിസ്റ്റർ (2016 മുതൽ തുടർന്ന് വരുന്നത്)

3, പഠനമുറി പദ്ധതി രജിസ്റ്റർ (2017-18,2018-19)

4, വിദേശതൊഴിൽ ധനസഹായം(2016-17 മുതൽ 2018-19 വരെ)

5, ക്യാഷ്ബുക്ക്(10/1/2019 മുതൽ തുടർന്ന് വരുന്നത്).

(ജെ).ക്യാഷ്ബുക്ക് Form-T.R-7A പ്രകാരം Receipt കോളത്തിൽ ഇനംതിരിച്ച് രേഖപ്പെടുത്തലുകൾ നടത്തുന്നുണ്ടെങ്കിലും Payment കോളത്തിൽ Form-T.R-7A പ്രകാരമല്ല പരിപാലിക്കുന്നത് ഇനംതിരിച്ച് Payment കൾ രേഖപ്പെടുത്താതെ ഒരുമിച്ച് തുകകൾ Payment ആയി കാണിക്കുന്നു.ബിൽനമ്പറും രേഖപ്പെടുത്താറില്ല ഇത് തികച്ചും തെറ്റായ നടപടി ക്രമമാണ്.ന്യൂനതകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(കെ).ലംപ്സം ഗ്രാന്റ് രജിസ്റ്ററിൽ - cb.no.1/16-17 തുക 8,46,500/-, cb.no.2/16-17 തുക 2,10,500/-, cb.no.3/16-17 തുക 1,03,750/-,ബില്ലുകൾ പ്രകാരം വിതരണം ചെയ്തിരിക്കുന്ന തുകകൾ ഏതെന്ന് വ്യക്തമല്ല. രജിസ്റ്ററിൽ രണ്ട് തുകകൾ വീതം എഴുതിയിരിക്കുന്നു.അതിൽ ഒന്ന് റൗണ്ട് ചെയ്തിരിക്കുന്നു.സ്ഥാപനമേധാവി ഒപ്പിട്ട് കൈപ്പറ്റിയിരിക്കുന്ന തുകകൾ ഏതെന്ന് വ്യക്തമല്ല.മാത്രമല്ല ടി തുകകളുടെ വിതരണ വിവരം ക്യാഷ്ബുക്കിലും വ്യക്തമല്ല.ടി തുകകളുടെ വിതരണവിവരം ഓഡിറ്റ് മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

(എൽ). CB No-169/18-19 ബിൽ പ്രകാരം ഓണറേറിയം 84,500/-രൂപ 3/11/18 ൽ ട്രഷറിയിൽ നിന്ന് മാറുകയും CB No-169/18-19 പ്രകാരം 1,50,000/-രൂപ Flood relief ന് 12/11/18 ൽ ട്രഷറിയിൽ നിന്ന് മാറുകയും ചെയ്തിട്ടുണ്ട്.വ്യത്യസ്ത പദ്ധതികളിൽപെട്ടതും വ്യത്യസ്ത തുകകളുമായ ടി ബില്ലുകൾക്ക് ഒരേ ബിൽനമ്പർ രേഖപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## പാർട്ട് III

### വിവിധ പദ്ധതികൾ സംബന്ധിച്ച്.

### 1.ഭൂരഹിത പുനരധിവാസ പദ്ധതി.

(എ). 2014-15 വർഷംമുതൽ 2018-19 വർഷംവരെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | വാങ്ങിയ ഭൂമിയുടെ അളവ് |
|---|---|---|---|
| 2014-15 | 36 | **1,46,25,000/-**(15 x4,50,000/- , 21x3,75,000/-) | |
| 2015-16 | 44 | **1,74,75,000/-**(13 x4,50,000/- , 31x3,75,000/-) | |
| 2016-17 | 55 | **2,11,50,000/-**(7 x4,50,000/- , 48x3,75,000/-) | **3 ഏക്കർ 45 സെന്റ്** |
| 2017-18 | 86 | **3,31,35,000/-**(11 x4,50,000/-, 1x4,10,000/-,1x4,00,000/- 73x3,75,000/-) | **6 ഏക്കർ 11 സെന്റ്** |
| 2018-19 | 93 | **3,76,20,000/-**(26x4,50,000/-, 3x4,15,000/-,3x6,00,000/- 61x3,75,000/-) | |

വിവിധ വർഷങ്ങളിൽ പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമായ വസ്തുതകൾ ചുവടെ ചേർക്കുന്നു.

(ബി).**2016-17**-ഭൂരഹിത പുനരധിവാസവുമായി ബന്ധപ്പെട്ട കത്തിടപാടുകൾ,അനുമതി ഉത്തരവുകൾ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റുകൾ എന്നിവ ഫയലിൽ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്.ടി വർഷം ധനസഹായം അനുവദിച്ചുനൽകിയ നടപടി വയനാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസർ സാധൂകരിച്ച് ഉത്തരവ് നല്കിയതായും കാണുന്നു(ബി.2.2280/16 തീയതി.27.05.2017).എന്നാൽ പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട യു.സി അക്കൗണ്ടന്റ് ജനറലിന് അയച്ചതായി കാണുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

(സി).രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല.2016-17 ലെ ഗുണഭോക്താക്കളിൽ 23 പേരുടെ ഫോട്ടോ രജിസ്റ്ററിൽ പതിച്ചിട്ടില്ല.

(ഡി).**2017-18** - വളരെ അലക്ഷ്യമായിട്ടാണ് ടി വർഷം ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചിട്ടുള്ളതെന്ന് കാണുന്നു.ഏകദേശം 18 ഓളം പേജുകൾ ഗുണഭോക്തൃ വിവരം രേഖപ്പെടുത്തിയ ശേഷം ക്യാൻസൽ ചെയ്തതായി കാണുന്നു.3,31,35,000/- രൂപയാണ് ടി പദ്ധതിയുടെ നിർവ്വഹണത്തിനായി 2017-18 ൽ വിനിയോഗിച്ചത്.ഇത്രയും ഭീമമായ തുക ചെലവഴിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ ഇത്രയും അലക്ഷ്യമായി കൈകാര്യം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(ഇ).43ഓളം ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽപതിച്ചിട്ടില്ല.(ക്രമനം-1,16,20,21,22,28,29,31,32,35,39,40,41,43,48,49,50,53,54,55,57,58,59,60,62,63,65,66,67,68,69,70,71,73,74,75,76,77,83,84,85,86,87).

(എഫ്). ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമങ്ങളിലൊന്നാണ് ഗുണഭോക്താവും(ഒന്നാംകക്ഷി)കേരളാ ഗവർണ്ണർക്ക് വേണ്ടി പട്ടികജാതി വികസന

ഓഫീസറും (രണ്ടാം കക്ഷി) തമ്മിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ (നിശ്ചിത മാതൃകയിൽ എഴുതിയോ,ടൈപ്പ്ചെയ്തോ )ഏർപ്പെടുന്ന കരാർ.2017-18 വർഷം ധനസഹായം അനുവദിച്ച 86 ഗുണഭോക്താക്കളിൽ 10 ഓളം പേർ മാത്രമേ പദ്ധതിയുടെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നുള്ളൂ.ഇത് പദ്ധതിനടത്തിപ്പിലെ വീഴ്ചയായി നിരീക്ഷിക്കുന്നു.വിശദീകരണം നൽകേണ്ടതാണ്.

(ജി).എ.ശ്രീ.കെ.ഉണ്ണികൃഷ്ണൻ,നരിപ്പറ്റപ്പടി,മണക്കൈ.പി.ഒ,.ശ്രീ.വിനോദ്.എം,കടൂർ എസ്റ്റേറ്റ്,മേപ്പാടി.പി.ഒ, ശ്രീ.മഹേഷ്,പരിയംതൊടി വീട്,ഓടത്തോട്,എന്നീ മൂന്ന് ഗുണഭോക്താക്കൾ വാങ്ങിയ ഭൂമി തൃക്കരിപ്പെട്ട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2008 ൽ 1,00,000/- രൂപയ്ക്ക് പണയപ്പെടുത്തിയ വസ്തുവാണ്(വാല്യം-895 പേജ്.383-385 ,നമ്പർ ജി.732/2008).Encumberance Certificate ൽ Owner തൃക്കരിപ്പെട്ട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആണ്.ബാങ്കിൽനിന്നും ടി വസ്തുവിൻമേലുള്ള ബാധ്യത ഒഴിവാക്കിക്കൊണ്ടുള്ള Form for Release Deed Of Gehan ൽ സെക്രട്ടറി സീൽ പതിച്ച് ഒപ്പ് രേഖപ്പെടുത്തിയതൊഴിച്ചാൽ മറ്റൊരുവിവരവും എഴുതിയോ,ടൈപ്പ്ചെയ്തോ രേഖപ്പെടുത്തിയിട്ടില്ല.(ബ്ലാങ്ക് ഫോമിൽ സെക്രട്ടറി സീൽ പതിച്ച് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു).ഇക്കാരണത്താൽ ഇത് Release Deed Of Gehan ആയി പരിഗണിക്കാൻ നിർവാഹമില്ല.ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും,ശരിയായ Release Deed Of Gehan പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

(എച്ച്).ശ്രീ.ശിവരാജൻ.എസ്,കോളനിഎസ്റ്റേറ്റ്,മുപ്പൈനാട്,ശ്രീമതി.സംഗീത.കെ,കാഞ്ഞോട്, മണ്ണാത്തിക്കുന്ന്,സി.ശ്രീ.ഉണ്ണികൃഷ്ണൻ,ആനേരിമൂല,കോട്ടത്തറ,ശ്രീ.രാജൻ.എ.പി,50-ാം മൈൽ കോളനി,മുട്ടിൽ,ടി ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭിച്ചില്ല. മാത്രമല്ല ഗുണഭോക്താക്കളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.ടി അപേക്ഷകൾ കണ്ടെടുത്ത് സൂക്ഷിക്കേണ്ടതും,ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഐ).**2018-19**.ടി വർഷം ധനസഹായം അനുവദിച്ച 93 ഗുണഭോക്താക്കളിൽ 6 പ്രളയ ദുരിതത്തിൽ പ്പെട്ട ഗുണഭോക്താക്കളാണ്.ഇതിൽ 3 പേർക്ക് 4,15,000/- രൂപ നിരക്കിലും,3 പേർക്ക് 6,00,000/- രൂപ നിരക്കിലുമാണ് ധനസഹായം അനുവദിച്ചത്.ടി ഗുണഭോക്താക്കളുടെ വിവരം പ്രത്യേകം രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ജെ).2018-19 വർഷത്തെ ഗുണഭോക്താക്കളായ എ.ശ്രീ.തങ്കബാലൻ,സുഗന്ധഗിരി യൂണിറ്റ്,പൊഴുതന,ശ്രീ.ഗംഗാധർ,സുഗന്ധഗിരി യൂണിറ്റ്,പൊഴുതന,ശ്രീമതി.ജയലക്ഷ്മി,നെല്ലിപ്പറമ്പിൽ,പെരുംതട്ട, എന്നിവരുടെ അപേക്ഷകൾ പരിശോധനക്ക് ലഭിച്ചില്ല.ടി അപേക്ഷകൾ കണ്ടെടുത്ത് സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(കെ).2018-19 വർഷത്തെ ചില അപേക്ഷകളോടൊപ്പം അവശ്യ രേഖകൾ പലതും കണ്ടെത്താനായിട്ടില്ല.വാങ്ങുന്ന സ്ഥലത്തിന്റെ Encumberace,Possession Certificate,Location Sketch,സ്ഥലം വിലക്ക് നൽകുന്ന വ്യക്തിയുടെ സമ്മതപത്രം എന്നിവ അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ട അവശ്യ രേഖകളാണെന്നിരിക്കെ മിക്ക അപേക്ഷകളോടൊപ്പവും ടി രേഖകൾ കണ്ടെത്താനായിട്ടില്ല.അവ കണ്ടെടുത്ത് അപേക്ഷകളോടൊപ്പം കെട്ടി ഭദ്രമായി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

(എൽ).2018-19 വർഷത്തെ 93 ഗുണഭോക്താക്കളും പദ്ധതിയുടെ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടുള്ള എഗ്രിമെന്റിൽ ഏർപ്പെട്ടി ട്ടുള്ളതായി കാണുന്നില്ല.ഇത് ഗൗരവത്തോടെ വീക്ഷിക്കുന്നു.വ്യവസ്ഥകൾ ലംഘിക്കുന്ന ഗുണഭോക്താക്കൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് എഗ്രിമെന്റിന്റെ അഭാവം കാരണമാകുന്നതാണ്.ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ,ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്

(എം).പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വർഷത്തേയും യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2.ഭവന നിർമ്മാണ ധനസഹായം

(എ).2007-08 മുതൽ 2018-19 വരെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 25 | 9 | 16 | 5 | 6 | 5 |
| 2008-09 | 18 | 12 | 6 | 1 | 2 | 3 |
| 2009-10 | 44 | 37 | 7 | -- | 3 | 4 |
| 2010-11 | 55 | 45 | 10 | 1 | 3 | 6 |
| 2011-12 | 37 | 29 | 8 | 3 | 2 | 3 |
| 2012-13 | 16 | 11 | 5 | 1 | 1 | 3 |
| 2013-14 | 26 | 17 | 9 | -- | 4 | 5 |
| 2014-15 | 46 | 42 | 4 | 2 | -- | 2 |
| 2015-16 | 30 | 23 | 7 | 4 | -- | 3 |
| 2016-17 | 60 | 37 | 23 | 13 | 2 | 8 |
| 2017-18 | 72 | 40 | 32 | 4 | 9 | 19 |
| 2018-19 | 6 | -- | 6 | 3 | 3 | -- |
| ആകെ | 435 | 302 | 133 | 37 | 35 | 61 |

(ബി). 2007-08 മുതൽ 2018-19 വരെയുള്ള 435 ഗുണഭോക്താക്കളിൽ 302 പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.(69.42%) നിർമ്മാണം പൂർത്തിയാക്കാനുള്ള 133 ഗുണഭോക്താക്കളിൽ 37 പേർ ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്നു.ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(സി).അപേക്ഷകളും,അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും, ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഡി).അപേക്ഷകളുടെ പരിപാലനം തൃപ്തികരമല്ല.അപേക്ഷകളോടൊപ്പം ഉള്ളടക്കംചെയ്തിട്ടുള്ള രേഖകൾ പലതും പരസ്പരം മാറിയും കെട്ടിൽനിന്നിളകിയും കാണപ്പെട്ടു.യു.സി അയച്ചതിന്റെ പകർപ്പ് ഫയലിലും സൂക്ഷിക്കേണ്ടതാണ്.ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

3.ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി.

(എ).2014-15 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച വിവരം ചുവടെ കാണിക്കുന്നു.

| വർഷം | ധനസഹായം അനുവദിച്ച ഇനം | അനുവദിച്ച തുക/ ഗുണഭോക്താക്കൾ | ധനസഹായം അനുവദിച്ച ഇനം | അനുവദിച്ച തുക/ ഗുണഭോക്താക്കൾ | ധനസഹായം അനുവദിച്ച ഇനം | അനുവദിച്ച തുക അനുവദിച്ച തുക/ ഗുണഭോക്താക്കൾ | ധനസഹായം അനുവദിച്ച ഇനം | അനുവദിച്ച തുക/ ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| 2014-15 | ഭൂമി | 11,25,000/- 3 പേർ | വീട് | 10,50,000- 3 പേർ | കിണർ | 60,000/- (3പേർ) | റിപ്പയർ | 50,000/- (1ആൾ) |
| 2015-16 | ,, | -- | ,, | 15,07,500- 5 പേർ | ,, | 40,000/- (2പേർ) | ,, | -- |
| 2016-17 | ,, | 18,75,000/- 5 പേർ | ,, | 7,00,000/- 2 പേർ | ,, | -- | ,, | 1,00,000/- 2 പേർ |
| 2017-18 | ,, | 7,50,000/- 2 പേർ | ,, | 33,07,500/- 11 പേർ | ,, | 20,000/- 1 ആൾ | ,, | -- |
| 2018-19 | ,, | -- | ,, | 4,50,000/- 5 പേർ | ,, | -- | ,, | 65,000/- 1 ആൾ |

(ബി).ദുർബ്ബലവിഭാഗങ്ങൾക്കുള്ള പദ്ധതി നിർവ്വഹണത്തിനുള്ള രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.അപേക്ഷകളും അനുബന്ധരേഖകളും വർഷംതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

(സി).പരിശോധനാകാലയളവായ 2014-15 മുതൽ 2018-19 വരെയുള്ള 5 വർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.മാത്രമല്ല യു.സി അയച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(ഡി). ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരം 2015-16 ൽ ധനസഹായം അനുവദിച്ച ശ്രീമതി.രജ്ഞിനി.കെ,ലാൻഡ്ലെസ് കോളനി,പൂര്യാറ്റ,പിണങ്ങോട് പി.ഒ എന്ന

ഗുണഭോക്താവ് ഒന്നാം ഗഡു മാത്രമേ കൈപ്പറ്റിയതായി കാണുന്നുള്ളു.ടിയാളുടെ ഭവന നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(ഇ).2017-18 ൽ ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച 11 ഗുണഭോക്താക്കളിൽ 8 പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.ശേഷിക്കുന്ന 3 പേരിൽ ഒരാൾ 1-ാം ഗഡുവിലും , ഒരാൾ 2 -ാം ഗഡുവിലും, ഒരാൾ 3 -ാം ഗഡുവിലും നിൽക്കുന്നു. ടി യാളുകളുടെ ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**4.ഭവന പുനരുദ്ധാരണ പദ്ധതി.**

(എ)1.2013-14 സാമ്പത്തിക വർഷംമുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കുന്ന പദ്ധതി ആരംഭിച്ചത്-(GO(ms)No.70/13/SCSTDD dtd03-09-2013). ടി പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2014-15 | | | |
| 2015-16 | | | |
| 2016-17 | 31 | 29 | 2 |
| 2017-18 | -- | -- | -- |
| 2018-19 | -- | -- | -- |

(ബി).2016-17 ൽ ധനസഹായം അനുവദിച്ച 13 ഗുണഭോക്താക്കളിൽ 29 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ശേഷിക്കുന്ന 2 പേരുടെ ഭവന പുനരുദ്ധാരണം സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(സി).ഭവന പുനരുദ്ധാരണം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾ മിക്കതും പാലിക്കുന്നുണ്ട്.എസ്റ്റിമേറ്റും ആവശ്യമുണ്ടെങ്കിൽ പ്ലാനും വാങ്ങിയശേഷമാണ് ധനസഹായം അനുവദിക്കുന്നത്.പൂർത്തീകരണസാക്ഷ്യപത്രം വാങ്ങിയശേഷമാണ് അവസാന ഗഡു നല്കുന്നത്. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ ധനസഹായമനുവദിച്ചുകൊണ്ട് ഇറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

(ഡി).ഭവന പുനരുദ്ധാരണ പദ്ധതി രജിസ്റ്റർ ഭേദപ്പെട്ട രീതിയിൽ പരിപാലിക്കുന്നുണ്ടെങ്കിലും അർഹതാസാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.മാത്രമല്ല ഗഡുക്കൾ അനുവദിക്കുന്ന തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കുന്നില്ല.ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**5.പഠനമുറി നിർമ്മാണ ധനസഹായം.**

(എ).സ.ഉ(പി)നം.13/2017/പജ.ജവ.വിവ.തീയതി 30-12-2017 പ്രകാരം 2017-18 സാമ്പത്തികവർഷം നിലവിൽവന്ന ടി പദ്ധതിപ്രകാരം സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്നതും ,1,00,000/-രൂപവരെ കുടുംബവാർഷികവരുമാനം ഉള്ളതും,600 സ്ക്വയർഫീറ്റുവരെ വലിപ്പമുള്ളതുമായവീട്ടിൽവസിക്കുന്നതും,ഹൈസ്കൂളിൽ പഠിയ്ക്കുന്നതുമായ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന്

2,00,000/- രൂപ 4 ഗഡുക്കളായി നൽകുന്നു. ടി പദ്ധതിപ്രകാരം 2017-18 സാമ്പത്തിക വർഷം 64 പേർക്കും,2018-19 വർഷം 39 പേർക്കും ധനസഹായം അനുവദിച്ചതായി കാണുന്നു, ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച എണ്ണം | പൂർത്തിയായത് | പൂർത്തിയാകാനുള്ളതിന്റെ സ്റ്റേജ് വിവരം | | | ചെലവായ തുക |
|---|---|---|---|---|---|---|
| | | | I | II | III | |
| 2017-18 | 64 | 52 | 1 | 5 | 6 | 60,10,000/- |
| 2018-19 | 39 | 4 | 7 | 15 | 13 | 45,45,000/- |

(ബി).രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ വിവരം കൂടി രജിസ്റ്ററിൽചേർക്കേണ്ടതും,ഗുണഭോക്തൃവിവരം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(സി).അപേക്ഷകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്.ഫയൽ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.യു.സി അയച്ചതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 6.മിശ്രവിവാഹധനസഹായം -

(എ).2014-15 വർഷംമുതൽ 2018-19 വർഷംവരെ മിശ്രവിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 14 | 7,00,000/-(14X50000) |
| 2015-16 | 9 | 4,50,000/-(9X50000) |
| 2016-17 | 10 | 5,00,000/-(10X50000) |
| 2017-18 | 23 | 12,25,000/-(20X50000,3X75000) |
| 2018-19 | 2 | 1,25,000/-(1X50000,1X75000) |

(ബി). അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ വിവാഹധനസഹായമനുവദിച്ചുകൊണ്ട് ഇറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുംസൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

സി).സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും നേരിടേണ്ടിവരുന്ന അവഗണന തരണം ചെയ്യുന്നതിനും സ്വയംതൊഴിൽ ചെയ്ത് കുടുംബംപുലർത്തുന്നതിനുമായിട്ടാണ് ധനസഹായം അനുവദിക്കുന്നത്.അപേക്ഷയിൽ വ്യക്തമാക്കിയിരിക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെടുന്നതിന് ടി ധനസഹായം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് . ചുവടെപറയുന്ന ഗുണഭോക്താക്കൾ, അനുവദിച്ചതുക, അനുവദിച്ച ലക്ഷ്യത്തിനായി വിനിയോഗിച്ചുഎന്ന് തെളിയിക്കുന്ന രേഖകൾ(വൗച്ചറുകൾ)ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു.

2017-18

(1)ശ്രീ.ശിവദാസൻ&ശ്രീമതി.രതി,പുലിക്കാട്ടുകുന്ന്,മുണ്ടകുഴി-തുണികച്ചവടംചെയ്യുന്നതിന് തുക അനുവദിച്ചു. തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(2).ശ്രീ.രജിലേഷ്.ടി.ബി&ശ്രീമതി.നിഷ.വി,തോട്ടുങ്ങൽ,പുക്കോട്-പശുവളർത്തുന്നതിന് ധനസഹായം അനുവദിച്ചെങ്കിലും പശുവിനെ വാങ്ങിയതായ രേഖയും,പശുവിനെ ഇൻഷ്വർ ചെയ്തതുസംബന്ധിച്ച രേഖകളും ഇല്ല.

(3).ശ്രീ.കൃഷ്ണമോഹൻ&ശ്രീമതി.റീന,മക്കോട്ട്കുന്ന് കോളനി,കുപ്പാടിത്തറ-തയ്യൽ യൂണിറ്റിന് ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(4).ശ്രീ.ബിജോയ്.പി.വി&ശ്രീമതി.അശ്വിനി,കൃഷ്ണനിവാസ്,ചൂരൽമല-തയ്യൽ യൂണിറ്റിന് ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(5).ശ്രീ.സജീഷ്കുമാർ&വൈഷ്ണവി,വയൽതോട്ടം,മുക്കിൻ പീടിക-സ്റ്റുഡിയോ ആരംഭിക്കുന്നതിനായി ധനസഹായം അനുവദിച്ചെങ്കിലും തുക അതിനായി വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(6).ശ്രീ.ശ്രീലേഷ്.ആർ&ശ്രീമതി.രജിത.പി.കെ,- തയ്യൽ യൂണിറ്റിന് ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(7).ശ്രീ.സജീഷ് കുമാർ&ശ്രീമതി.അഖില,സനിസജി ഭവൻ,നാരങ്ങകുന്ന് വൈത്തിരി- തയ്യൽ യൂണിറ്റിന് ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(8).ശ്രീ.അരുൺ.വി.കെ&ശ്രീമതി.ഷിമി.എസ്,വൈപ്പിൻകോട്,തൃകൈപ്പറ്റ- തയ്യൽ യൂണിറ്റിന് ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

(9).ശ്രീ.സുനിൽകുമാർ&ശ്രീമതി.ഹരിതമോൾ,മുണ്ടകപ്പറമ്പിൽ,മണ്ണാത്തിക്കുണ്ട്- വാർക്കപ്പണിക്കുള്ള സാധനങ്ങൾ വാങ്ങാൻ ധനസഹായം അനുവദിച്ചെങ്കിലും തുക വിനിയോഗിച്ചെന്ന് തെളിയിക്കുന്ന രേഖ ഇല്ല.

2018-19.

(1).ശ്രീ.വിജു.എം.കെ&മഞ്ജു,മണിയൻകാട്ടിൽ,നായ്ക്കോട്ടുകര, ശ്രീ.പ്രമോദ്&ശ്രീമതി.രാധികാ ഗോപി,കൊറ്റിയോടുകുന്ന് കോളനി,മഞ്ഞൂറ-ടി ഗുണഭോക്താക്കൾക്ക് പശുവളർത്തലിനാണ്

ധനസഹായം അനുവദിച്ചത്. പശുവിനെ വാങ്ങിയതായ രേഖയും,പശുവിനെ ഇൻഷ്വർ ചെയ്തതുസംബന്ധിച്ച രേഖകളും ഇല്ല.

(ഡി).ചില ഗുണഭോക്താളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(1).ശ്രീ.ശ്രീലേഷ്.ആർ&ശ്രീമതി.രജിത.പി.,

(2).ശ്രീ.രജീഷ്.പി.ആർ&ശ്രീമതി.രമ്യ,പുക്കിലോട് കുന്ന്,മണ്ടകുറ്റി,

(3).ശ്രീ.ശ്രീജു.കെ&ശ്രീമതി.രജീന,പാറക്കൽ വീട്,അമ്മാറ.

(ഇ).2017-18 ൽ 23 പേർക്ക് ധനസഹായം അനുവദിച്ചെങ്കിലും 21 ഗുണഭോക്താക്കളുടെ വിവരം മാത്രമേ ഗുണഭോക്തൃരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളു.ചുവടെപറയുന്ന 2 ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

(1)ശ്രീ.ജിതിൻ.പി.സി&ശ്രീമതി.സുകന്യ.പി.ആർ,നിതിൻ നിവാസ്,എമിലി,കൽപ്പറ്റ,

(2).ശ്രീ.ഷജിൻ ദാസ്&അശ്വിനി,തെക്കേത്തറ,മുണ്ടേരി.

(എഫ്). യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

**7.വിവാഹധനസഹായം**

(എ). 2014-15 വർഷംമുതൽ 2018-19 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 20 | 10,00,000/-(20X50000) |
| 2015-16 | 34 | 17,00,000/-(34X50000) |
| 2016-17 | 48 | 24,00,000/-(48X50000) |
| 2017-18 | 95 | 63,00,000/- |
| 2018-19 | 30 | 22,50,000/- |

(ബി).അപേക്ഷകരുടെ വിവരം രജിസ്റ്റർ പരിപാലിച്ച് അതിൽ രേഖപ്പെടുത്തുന്നുണ്ടെ ങ്കിലും ടി രജിസ്റ്ററിൽ ഓഫീസർ ഒപ്പ് ചാർത്തി അപേക്ഷകരുടെ വിവരം സാക്ഷ്യപ്പെടുത്തു ന്നില്ലെന്നുകാണുന്നു.

(സി).ജില്ലാഓഫീസിൽനിന്നും ധനസഹായം അനുവദിച്ചുനല്കുന്ന ഉത്തരവുകൾ ഫയ ലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയ യ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

(ഡി).ശ്രീമതി.സുഭദ്ര.പി,രമ്യാനിവാസ്,തെക്കേത്തറ(2016-17)യുടെ-അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന-ശ്രീമതി.രമ്യാ&ശ്രീ.സനൂപ് ദമ്പതിമാരുടേയും, ശ്രീ.പ്രകാശൻ, കക്കണകുന്ന്, കുപ്പാടിത്തറ(2018-19) യുടെ-അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന-ശ്രീമതി.പ്രവീണകെ.വി& ശ്രീ.ജ്യോതിഷ്.പി.ജി - ദമ്പതിമാരുടേയും അസ്സൽ വിവാഹ സർട്ടിഫിക്കറ്റുകൾ മടക്കിനൽകി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(ഇ).ധാരാളം ഗുണഭോക്താക്കളുടെ ഫോട്ടോകൾ രജിസ്റ്ററിൽ പതിച്ചുകാണുന്നില്ല.പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയ്ക്ക് ഗുണഭോക്താവിന്റെ ഫോട്ടോ രജിസ്റ്റ റിൽ പതിക്കേണ്ടത് ആവശ്യമാണെന്നിരിക്കെ ഇതുസംബന്ധിച്ച വീഴ്ചക്ക് വിശദീകരണം നൽകേണ്ടതാണ്.

**8.വിദേശ തൊഴിൽ ധനസഹായം.**

(എ).ടി പദ്ധതിപ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ആകെ തുക |
|---|---|---|
| 2016-17 | 1 | 50,000/- |
| 2017-18 | 2 | 1,50,000/- |
| 2018-19 | 3 | 2,20,000/- |

(ബി).2018-19 വർഷത്തെ രണ്ട് ഗുണഭോക്താക്കൾ –1.ശ്രീമതി.റീന ഉണ്ണികൃഷ്ണൻ,പ്രമീളാ നിവാസ്.മുണ്ടേരി.2.ശ്രീ.വിഷ്ണു.പി.എസ്,പനിച്ചേടത്ത് കുന്ന്,മുണ്ടക്കുറ്റി -എന്നിവർ ധന സഹായത്തിന്റെ ഒന്നാം ഗഡു 60,000/- രൂപ വീതം മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. തൊഴിൽ ദാതാവിൽനിന്നുള്ള തൊഴിലിൽ പ്രവേശിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമാക്കി രണ്ടാം ഗഡു തുക കൈപ്പറ്റുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശംനൽകേണ്ടതാണ്. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**9. സ്വയംതൊഴിൽ ധനസഹായം.**

(എ)..പരിശോധനാ കാലയളവിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോ ക്താക്കളുടെ എണ്ണം. | അനുവദിച്ച സബ്സിഡി തുക |
|---|---|---|
| 2014-15 | 1 | 50,000/- |
| 2015-16 | 3 | 2,48,333/- |
| 2016-17 | 3 | 1,91,000/- |
| 2017-18 | 3 | 2,08,000/- |
| 2018-19 | 3 | 1,66,667/- |

(ബി).പരിശോധനാ കാലയളവിൽ ധനസഹായമനുവദിച്ച 13 ഗുണഭോക്താക്കളിൽ 7 പേർ ഓട്ടോ ടാക്സിയ്ക്കായും,3 പേർ ഡയറി യൂണിറ്റിനായും,മറ്റ് 3 പേർ യഥാക്രമം ബേക്കറി,ബ്യൂട്ടി പാർലർ,ടൈലറിംഗ് യൂണിറ്റുകൾക്കുമായിട്ടാണ് ധനസഹായം വിനിയോഗിച്ച തെന്ന് കാണുന്നു.ടി സ്വയംതൊഴിൽ യൂണിറ്റുകൾ സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**10.ടോയിലറ്റ് നിർമ്മാണ ധനസഹായം.**

(എ)..2014-15മുതൽ 2015-16, വരെയുള്ള വർഷങ്ങളിൽമാത്രമാണ് ടോയിലറ്റ് നിർമ്മാണ ധനസഹായ പദ്ധതി തുടർന്നിരുന്നത്.ടി വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ | അനുവദിച്ച തുക. |
|---|---|---|---|---|
| 2014-15 | 104 | 104 | -- | 26,00,000/- |
| 2015-16 | 132 | 119 | 13 | 31,37,500/- |
| 2016-17 | -- | -- | -- | -- |
| 2017-18 | -- | -- | -- | -- |
| 2018-19 | -- | -- | -- | -- |
| Total | 236 | 223 | 13 | 57,37,500/- |

(ബി).2015-16 സാമ്പത്തികവർഷം ധനസഹായം നൽകിയ 132 പേരിൽ 13 പേർ നിർമ്മാണം പൂർത്തിയാക്കാനുള്ളതായി കാണുന്നു.ഇതിൽ ആരെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ Open Defecation Scheme പ്രകാരമുള്ള പദ്ധതി പ്രയോജയ നപ്പെടുത്തി ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**11.ചികിൽസാധനസഹായം**

(എ).2014-15വർഷംമുതൽ 2018-19 വർഷംവരെ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | വിവരം ലഭ്യമല്ല | -- |
| 2015-16 | വിവരം ലഭ്യമല്ല | -- |
| 2016-17 | 47 | 5,23,000/- |
| 2017-18 | 71 | 12,76,000/- |
| 2018-19 | 86 | 16,57,000/- |

(ബി).ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസിന്റെ പരിപാലനത്തിൽ തൃപ്തി രേഖപ്പെടുത്തുന്നു.2014-15,2015-16 വർഷങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണം,അനുവദിച്ച തുക എന്നിവ ഓഡിറ്റ് മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. 5 വർഷത്തേയും യു.സി അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്

**12.വാൽസല്യനിധി.**

(എ).സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു.18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോവിനിയോഗിക്കാവുന്നതാണ്.

(ബി).2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 18 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.2018-19 സാമ്പത്തികവർഷം 24 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകളിൽ 21 എണ്ണം മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.ശേഷിച്ച 3 അപേക്ഷകൾ Reject ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും ഇതുസംബന്ധിച്ച പുരോഗതി അറിയിക്കേണ്ടതുമാണ്.

## പാർട്ട് III

**വിദ്യാഭ്യാസപദ്ധതികൾ.**

**1.ലംപ്സംഗ്രാന്റ് വിതരണം**

(എ).വിവിധ വർഷങ്ങളിൽ എസ്.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് /പ്രതിമാസ സ്റ്റൈപ്പന്റ് -നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക (ലംപ്സംഗ്രാന്റ്) | പ്രതിമാസ സ്റ്റൈപ്പന്റ് ലഭിച്ചവർ | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 2014-15 | S.C | 84 | | | -- | -- |
| | O.E.C | ,, | | 2,33,040/- | | |

| | | | | | | |
|---|---|---|---|---|---|---|
| 2015-16 | S.C | ,, | 2222 | 13,26,150/- | 83 | 1,17,050/- |
| | O.E.C | ,, | | | | |
| 2016-17 | S.C | ,, | | | 91 | 1,46,700/- |
| | O.E.C | ,, | | | | |
| 2017-18 | S.C | ,, | 2352 | 14,35,920/- | 89 | 1,35,800/- |
| | O.E.C | ,, | | | | |
| 2018-19 | S.C | ,, | 1923 | 13,38,900/- | 73 | 1,14,400/- |
| | O.E.C | ,, | | | | |

(ബി).2014-15,2016-17 സാമ്പത്തിക വർഷങ്ങളിലെ ലംപ്സം ഗ്രാന്റ് വിതരണംസംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ലഭിച്ചില്ല.ആയത് കണ്ടെടുത്ത് സൂക്ഷിക്കേണ്ടതും,ടിവർഷങ്ങളിലെ എസ്.സി,ഒ.ഇ.സി വിദ്യാർത്ഥികളുടെ എണ്ണം,അനുവദിച്ച തുക എന്നീവിവരങ്ങളും ഓഡിറ്റ് മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

(സി).നിശ്ചിത മാതൃകയിലുള്ള സ്റ്റൈപ്പന്റ് ഓഡിറ്റ് രജിസ്റ്റർ പരിപാലിച്ച് ലംപ്സം ഗ്രാന്റ് വിതരണവിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.മാത്രമല്ല ലംപ്സം ഗ്രാന്റ് വിതരണം സംബന്ധിച്ച ഫൈനൽ പുരോഗതി റിപ്പോർട്ട് ഫയലിലോ രജിസ്റ്ററിലോ സൂക്ഷിക്കുന്നില്ല.ഇതിനാൽ ഒരു പ്രത്യേക വർഷത്തെ ലംപ്സം ഗ്രാന്റ് വിതരണം സംബന്ധിച്ച വിവരം നൽകേണ്ടിവരുമ്പോൾ ആദ്യംമുതൽ കണക്ക് കൂട്ടിയെടുക്കേണ്ട അവസ്ഥ ഉണ്ടാകുന്നു എന്നത് വ്യക്തമാണ്.ഈ അവസ്ഥ ഒഴിവാക്കുന്നതിന് ലംപ്സം ഗ്രാന്റ് വിതരണം സംബന്ധിച്ച ഫൈനൽ പുരോഗതി റിപ്പോർട്ടിന്റെ പകർപ്പ് ഫയലിലും, രജിസ്റ്ററിലും പതിച്ച് സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

(ഡി).ലംപ്സംഗ്രാന്റ് വിതരണം സംബന്ധിച്ച കത്തിടപാടുകൾ,മേലാഫീസുകളിൽനിന്നുള്ള ഉത്തരവുകൾ,മറ്റ് വിവരങ്ങൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല.ഫയൽ ഫോൾഡറിൽ സ്കൂളുകളിൽനിന്നും ലഭിച്ചിട്ടുള്ള അക്വിറ്റൻസുകൾ,തുക വിതരണം ചെയ്തപ്പോൾ സ്കൂൾ മേധാവികൾ ഒപ്പിട്ടുനൽകിയ രസീതുകൾ എന്നിവ മാത്രമാണ് കെട്ടി സൂക്ഷിച്ചിട്ടുള്ളത്.ന്യൂനതകൾ പരിഹരിക്കേണ്ടതും, ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

(എ).2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 775 | 15,50,000/- |
| 2015-6 | 656 | 13,12,000/- |
| 2016-17 | 716 | 14,32,000/- |
| 2017-18 | 786 | 15,72,000/- |
| 2018-19 | 827 | 16,54,000/- |

(ബി).പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസും അതോടൊപ്പം സാധനങ്ങൾ വാങ്ങിയ ബില്ല് എന്നിവയും സ്കൂളുകളിൽനിന്നും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. യു.സി അയച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ് .മറ്റ് പരാമർശങ്ങൾ ഇല്ല.

**3.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.**

2017-18 സാമ്പത്തികവർഷംമുതൽക്കാണ് സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് (5 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന കട്ടികൾക്ക്)നൽകാൻ തുടങ്ങിയത്.2017-18 വർഷം 1645 വിദ്യാർത്ഥികൾക്കായി 32,90,000/- രൂപയും 2018-19 വർഷം 1160—വിദ്യാർത്ഥികൾക്കായി 23,20,000/-രൂപയും വിതരണംചെയ്തതായി കാണുന്നു.മറ്റ് പരാമർശങ്ങൾ ഇല്ല.

**4.പ്രത്യേക പ്രോത്സാഹന സമ്മാനം**

2016-17 വർഷംവരെ തുക വിതരണം ചെയ്തിരുന്നത് ജില്ലാ ഓഫീസ് മുഖാന്തരമായിരുന്നു. 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | -- | -- |
| 2015-16 | -- | -- |
| 2016-17 | 93 | 2,20,000/- |
| 2017-18 | 114 | 2,76,000/- |
| 2018-19 | 129 | 3,20,000/- |

മറ്റ് പരാമർശങ്ങളില്ല.വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതുസംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**5.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.**

(എ).2014-15,15-16 വർഷങ്ങളിലെ ടി പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരം പരിശോധനക്ക് ലഭിച്ചില്ല. 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതിയത് | തുടർച്ചാനുമതി | ആകെ കുട്ടികൾ | അനുവദിച്ച തുക |
|---|---|---|---|---|
| 2014-15 | | | | |
| 2015-16 | | | | |
| 2016-17 | 11 | 9 | 20 | 90,000/- |
| 2017-18 | 10 | 12 | 22 | 99,000/- |
| 2018-19 | 17 | 7 | 24 | 1,08,000/- |

(ബി).തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ(2016-17 മുതൽ) പരിപാലിക്കുന്നു.ഈ രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ വിദ്യാർത്ഥികളും,രക്ഷിതാക്കളും തീയതിവച്ച് ഒപ്പിടുന്നു വെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(സി).ഈ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർന്ന ക്ലാസ്സിൽ എത്തുമ്പോൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അതിനാൽസ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന നിലവാരം പരിശോധിക്കേണ്ടതും പ്രമോട്ടർമാർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് ശരിയായ ട്യൂഷൻ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതുസംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**6.പാരലൽ കോളേജ് എഡ്യുക്കേഷൻ എയ്ഡ്**

(എ). 2014-15 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയതു സംബന്ധിച്ച വിവരം, ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2014-15 | 68 | 12 | 4,40,360/- | 72,518/- |
| 2015-16 | 20 | -- | 1,56,562/- | -- |
| 2016-17 | 13 | 19 | 1,10,955/- | 1,13,858/- |
| 2017-18 | 9 | 8 | 78,980/- | 91,090/- |
| 2018-19 | 1 | 1 | 8785/- | 10,140/- |

(ബി).പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് തൃപ്തികരമായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ച് ജില്ലാപട്ടികജാതിവികസന ഓഫീസർ ഇറക്കുന്ന ഉത്തരവുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷകളുടേയും അനുബന്ധരേഖകളുടേയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് അഭിപ്രായപ്പെടുന്നു.

(സി).പ്ലസ്‌വൺ മുതലുള്ള കോഴ്സുകൾക്ക് പാരലൽ പഠനത്തിന് ധനസഹായം അനുവദിച്ചുവരുന്നു.ഇതിൽ പ്ലസ്‌വൺ കോഴ്സിലേക്കുള്ള പ്രവേശനത്തിന് മാത്രമാണ് നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമുള്ളത്.(സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്‌വൺ പ്രവേശനത്തിന് അപേക്ഷിച്ചിരുന്നുവെന്നും ടി വിദ്യാർത്ഥിക്ക് ടി സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചില്ലെന്ന സാക്ഷ്യപത്രം).എന്നാൽ ഈ ബ്ലോക്കിൽ ഡിഗ്രി,പിജി കോഴ്സുകൾക്കും ഈ മാനദണ്ഡം (നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണ് എന്ന മാനദണ്ഡം)പിൻതുടരുന്നതായി മനസ്സിലാക്കുന്നു.ഇതുകാരണം അർഹരായ ധാരാളം വിദ്യാർത്ഥികളുടെ പാരലൽ പഠനത്തിനുള്ള അവസരം നഷ്ടപ്പെട്ടിട്ടുള്ളതായി വീക്ഷിക്കുന്നു. 2015-16 വർഷംമുതൽ പാരലൽ പഠനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവ് 6.(എ) ചാർട്ടിൽ വ്യക്തമാണ്.വിശദീകരണം ആവശ്യമാണ്.

(ഡി).അഞ്ച് വർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7.ട്യൂഷൻഫീസ് റീ ഇംബേഴ്സ്മെന്റ്.

2014-15,2015-16 വർഷങ്ങളിലെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.2016-17 വർഷം ഈ ഇനത്തിൽ ചെലവ് ഇല്ല.2017-18 വർഷം 90,649/-രൂപയും,2018-19 വർഷം 95,314/-രൂപയും ചെലവഴിച്ചതായി കാണുന്നു. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8.വിജ്ഞാൻ വാടി.

പി.എം.സി കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ഒരു വിജ്ഞാൻവാടി മാത്രമാണ് കൽപ്പറ്റ ബ്ലോക്കിൽ ഉള്ളത്.ഇതിന്റെ നിർമ്മാണം അടുത്തകാലത്താണ് പൂർത്തിയായത്.പുസ്തകങ്ങൾ,കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ വാങ്ങിയിട്ടുണ്ട്.വൈദ്യുതികണക്ഷൻ ലഭിച്ചാൽ ഉടൻതന്നെ ഉദ്ഘാടനം നടത്താവുന്ന അവസ്ഥയിലാണ് ഈ സ്ഥാപനം.നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9.സ്വയംപര്യാപ്ത ഗ്രാമം

(എ).കൽപ്പറ്റ ബ്ലോക്കിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം 4 കോളനികളെയാണ് നിർമ്മാണപ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്തിരുന്നത്.

1.കൊറ്റുകുളം പട്ടികജാതി കോളനി-പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

2.പാറനിരപ്പ് കുന്ന്പട്ടികജാതി കോളനി-പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്,

3.ചെമ്പകമുല പട്ടികജാതി കോളനി-പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്,

4.കൊറ്റിയോട്ടുകുന്ന് പട്ടികജാതി കോളനി-പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

നാലിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടനവും കഴിഞ്ഞതായി കാണുന്നു.മറ്റ് പരാമർശങ്ങൾ ഇല്ല.

# പാർട്ട് V

## മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാസമയത്ത് (13-05-2019) 95/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറുമുള്ള ഭൗതിക പരിശോധനയും, ദ്വൈവാര ഭൗതിക പരിശോധനയും നടത്തിയിട്ടില്ല .ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 2.ഫർണിച്ചർ രജിസ്റ്റർ.

15.11.2012 ൽ ആരംഭിച്ച ഫർണിച്ചർ രജിസ്റ്റർ ആണ് നിലവിൽ ഉപയോഗിക്കുന്നത്.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടുത്തലുകൾ തീയതി വച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 3.പേ ബിൽ രജിസ്റ്റർ.

2016-17 സാമ്പത്തികവർഷത്തിന് ശേഷം രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിച്ചിരുന്ന സമയത്തും ജീവനക്കാരുടെ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.PEN നമ്പർ ഉൾപ്പെടെയുള്ള എല്ലാവിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശിക്കുന്നു.ഇതിനായി spark ൽ നിന്നും ലഭ്യമായപേ ബിൽ രജിസ്റ്റർ ഷീറ്റ് ഉപയോഗിക്കാവുന്നതാണ്.

### 4.കണ്ടിജന്റ് രജിസ്റ്റർ.

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശമില്ല.

### 5.ഇൻകുംബന്റ് രജിസ്റ്റർ.

രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇൻകുംബന്റ് രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ(ഫോൺ നമ്പർസഹിതം) രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

### 6.ഹാജർ പുസ്തകം.

എല്ലാ വിഭാഗം ജീവനക്കാരുടേയും( പ്രമോട്ടർമാർ ഉൾപ്പെടെ) ഹാജർ പുസ്തകം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങളില്ല.

### 7.ആസ്തി രജിസ്റ്റർ.

ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് (ഉടമസ്ഥൻ നിലവിൽ ഇല്ലാത്തത്)പല ബ്ലോക്കുക

ളിലും ഉള്ളതായി അറിയുന്നു.കൂടാതെ നഴ്സറി സ്കൂൾ,ഹോസ്റ്റലുകൾ,വകുപ്പിന്റെ ഫണ്ടുപയോഗിച്ചുനിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ,മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും, സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്.ഇവ കണ്ടെത്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

**8.ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ.**

KFC Vol. I –ART-63 പ്രകാരമുള്ള ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഓഡിറ്റ് ഒബ്ജക്ഷനുകൾ രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**9.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

.സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്ന രീതി പ്രോൽസാഹിപ്പിക്കരുത്. മറ്റ് പരാമർശങ്ങൾ ഇല്ല.

**10.C.R.D.R**

സി.ആർ.ഡി.ആർ പരിപാലിക്കുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

**11.ക്വാഷ്വൽ ലീവ് രജിസ്റ്റർ.**

പരിപാലിക്കുന്നില്ല.രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പൊതു അഭിപ്രായം**

ആവശ്യമായ സ്ഥലസൗകര്യമുള്ള ഓഫീസാണ്.ബ്ലോക്ക്പഞ്ചായത്ത്,ജനപ്രതിനിധികൾ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധംപുലർത്തുന്നതായി കാണുന്നു. ഓഫീസ് അന്തരീക്ഷം പൊതുവെ ശാന്തമാണ്. ഓഫീസ് രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്,

സീനിയർസൂപ്രണ്ട്,ഫിൻ.ഇ ഒ

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
O/D, Senior Finance Officer
Directorate of Scheduled Caste Development
Thiruvananthapuram